**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2409** **07-07-2022 - ൽ മറുപടിയ്ക്ക്**

**ഇന്റേണൽ ഓഡിറ്റ് വിഭാഗം കണ്ടെത്തിയ ക്രമക്കേടുകൾ**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</td><td colspan="2">ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>ധനകാര്യ വകുപ്പിലെ ഇന്റേണൽ ഓഡിറ്റ് വിഭാഗം കഴിഞ്ഞ സാമ്പത്തിക വർഷം നടത്തിയ പരിശോധനകളുടെ അടിസ്ഥാനത്തിൽ കണ്ടെത്തിയ പ്രധാന ക്രമക്കേടുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത പരിശോധനാ റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കുമോ?</td><td>(എ)</td><td><u>15 -ാം കേരള നിയമസഭ</u><br><br><u>5-ാം സമ്മേളനം</u><br><br><u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2409, 07/07/2022-ൽ മറുപടിയ്ക്ക്</u><br><br><u>'ഇന്റേണൽ ഓഡിറ്റ് വിഭാഗം കണ്ടെത്തിയ ക്രമക്കേടുകൾ'</u><br><br>
<table>
<tr><th colspan="2">ചോദ്യം</th><th>ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. എൽദോസ് പി കുന്നപ്പിള്ളിൽ</td><td>ശ്രീ. കെ. എൻ. ബാലഗോപാൽ<br><br>(ധനകാര്യ വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>ധനകാര്യ വകുപ്പിലെ ഇന്റേണൽ ഓഡിറ്റ് വിഭാഗം കഴിഞ്ഞ സാമ്പത്തിക വർഷം നടത്തിയ പരിശോധനകളുടെ അടിസ്ഥാനത്തിൽ കണ്ടെത്തിയ പ്രധാന ക്രമക്കേടുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത പരിശോധനാ</td><td>സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള എല്ലാ വകുപ്പുകളിലെയും ആഭ്യന്തര പരിശോധനാ വിഭാഗം പരിശോധിച്ച് വകുപ്പുതലവൻമാർ മുഖേന ലഭ്യമാക്കുന്ന ആഭ്യന്തര പരിശോധനാ റിപ്പോർട്ടുകളും ആയതിന്റെ ന്യൂനതാപരിഹാര റിപ്പോർട്ടുകളും പരിശോധിക്കുകയും സാമ്പത്തിക ബാധ്യതാ പരാമർശമുള്ള ഖണ്ഡികകളിന്മേൽ വകുപ്പ് തലത്തിൽ കൂടുതൽ പരിശോധന നടത്തി ആവശ്യമുള്ള പക്ഷം റിവ്യൂ ഓഡിറ്റ് നടത്തിവരുന്നു. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷവും നിയന്ത്രണങ്ങൾ നിലനിന്നിരുന്നതിനാൽ</td></tr>
</table>
</td></tr>
</table>

| | | | | | |
|---|---|---|---|---|---|
| | | | | റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കുമോ? | താഴെപ്പറയുന്ന ഓഫീസുകളിലെ റിവ്യൂ ഓഡിറ്റ് മാത്രമേ നടത്താൻ കഴിഞ്ഞിട്ടുള്ളൂ.<br><br>(എ) ആറ്റിങ്ങൽ ഭാഗ്യക്കുറി സബ് ഓഫീസ്<br><br>(ബി) കോവളം ഗസ്റ്റ് ഹൗസ്<br><br>(സി) റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്, ആലപ്പുഴ<br><br>ആയതിൽ അംഗീകരിച്ച റിപ്പോർട്ടുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# കോവളം ഗസ്റ്റ് ഹൗസ് റിവ്യൂ ഓഡിറ്റ് റിപ്പോർട്ട്

കോവളം സർക്കാർ അതിഥി മന്ദിരത്തിലെ 01/01/2016 മുതൽ 31/08/2019 വരെയുള്ള കാലയളവിലെ ആഭ്യന്തര പരിശോധനാ റിപ്പോർട്ട് വിനോദസഞ്ചാര വകുപ്പിലെ ഫിനാൻസ് ഓഫീസർ ധനകാര്യ (ആഭ്യന്തര പരിശോധനാ വിഭാഗം) വകുപ്പിന് ലഭ്യമാക്കിയിരുന്നു. മേൽ റിപ്പോർട്ടിൽ പ്രസ്തുത ഓഫീസിലെ നികുതി വിഹിതം അടവാക്കുന്നതിലെ അപാകത, കുടിവെള്ളത്തിനായി വൻ തുക ചെലവഴിക്കൽ, കുടിവെള്ള ഏജൻസിയെ തെരെഞ്ഞെടുത്തതിലെ ക്രമക്കേട്, കൂടാതെ സാമ്പത്തിക വിനിയോഗം അധികാര പരിധി മറികടന്ന് തുക ചെലവഴിച്ചതായി റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ ധനകാര്യ (ആഭ്യന്തര പരിശോധന - എ) വകുപ്പ് 2021 സെപ്റ്റംബർ മാസം 6 മുതൽ 8 വരെ കോവളം സർക്കാർ അതിഥി മന്ദിരത്തിൽ റിവ്യൂ ഓഡിറ്റ് നടത്തുകയുണ്ടായി. പരിശോധനാ വേളയിൽ സ്ഥാപനത്തിന്റെ മാനേജർ ശ്രീ. ജയപ്രകാശ്.വി. (മാനേജർ ഗ്രേഡ് II (PEN : 372356) ഹാജരുണ്ടായിരുന്നു.

മേൽ ഓഡിറ്റിൽ താഴെ പറയുന്നവർ പങ്കെടുക്കുകയുണ്ടായി.

1. ശ്രീ. കെ.ടി. മഹേഷ് കുമാർ (ജോയിന്റ് സെക്രട്ടറി)
2. ശ്രീ. സുരേഷ്.എസ് (സെക്ഷൻ ഓഫീസർ)
3. ശ്രീ. അനിൽ കുമാർ. എൻ. എസ്. (അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ)
4. ശ്രീ. ഷാജഹാൻ .എം (അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ)
5. ശ്രീ. നാസറുദ്ദീൻ. എ (സീനിയർ ഗ്രേഡ് അസിസ്റ്റന്റ്)

ഓഡിറ്റിൽ കണ്ടെത്തിയ പ്രധാനപ്പെട്ട ന്യൂനതകളും അപാകതകളും ചുവടെ ചേർക്കുന്നു.

## 1. ക്യാഷ് ബുക്ക്

ക്യാഷ് ബുക്ക് K T C 92 (A) യിൽ നിർദ്ദേശിച്ചിരിക്കുന്ന പ്രകാരം Form No. TR 7A രജിസ്റ്ററിൽ എഴുതി വരുന്നു. പണമിടപാട് സംബന്ധിച്ച വിവരങ്ങൾ അതാത് ദിവസങ്ങളിൽ തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ട്.

പരിശോധനാ ദിവസം (06/09/2021) രാവിലെ ക്യാഷ് ബുക്ക് പ്രകാരം 15,627/- രൂപ ബാലൻസ് ഉള്ളതായി കാണുന്നു. ടി തുക HDFC (PMG ശാഖ) ബാങ്കിൽ നിക്ഷേപിച്ചിട്ടുള്ളതായി മനസ്സിലാക്കാൻ കഴിഞ്ഞു. പരിശോധനാ ദിവസത്തെ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 58,721/- രൂപ ബാലൻസ് ഉള്ളതായി ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധിച്ചപ്പോൾ ബോദ്ധ്യപ്പെട്ടു. മേൽ ക്യാഷ് ബാലൻസ്, ബാങ്ക് ബാലൻസും തമ്മിൽ



Section officer

പൊരുത്തപ്പെടാത്തതിനാൽ താഴെപ്പറയുന്ന കാര്യങ്ങൾ പരിശോധനയിൽ ബോദ്ധ്യപ്പെട്ടു. സന്ദർശകർ ക്യാഷ് പേയ്മെന്റായും കാർഡ് സിസ്റ്റം വഴിയും പേയ്മെന്റ് നടത്തുന്നത്. ക്യാഷ് ആയിട്ടാണെങ്കിൽ ടി തുകയുടെ (Room Rent, 10% of Food, GST) ട്രഷറിയിൽ ഒടുക്കും. കാർഡ് സിസ്റ്റം വഴിയാണെങ്കിൽ ടി തുക ബാങ്ക് അക്കൗണ്ടിലേക്ക് പോകും. Food ന്റെ ആകെ തുകയുടെ 10% സർക്കാരിലേക്കും ബാക്കി തുക കാറ്ററിംഗ് ചാർജ്ജുമായിട്ടാണ് പരിഗണിക്കേണ്ടത്. കാർഡ് സിസ്റ്റം വഴി പേയ്മെന്റ് നടത്തുമ്പോൾ മൊത്തം തുകയും ബാങ്ക് അക്കൗണ്ടിലേയ്ക്കാണ് പോകുന്നത്. ആയതിനാലാണ് ബാങ്ക് ബാലൻസ് കൂടുതലായി കാണുന്നത്. 15,627/- രൂപ ഒഴികെ ബാക്കി തുക ബാങ്ക് അക്കൗണ്ടിൽ കൂടുതലുള്ള തുക കാറ്ററിംഗ് ചാർജ്ജാണെന്ന് ബോദ്ധ്യപ്പെട്ടു.

ക്യാഷ് ബുക്കിൽ ചില പേജുകളിൽ വെട്ടി തിരുത്തലുകൾ, വൈറ്റ്നറിന്റെ ഉപയോഗം എന്നിവ കാണുന്നു. ഉദാ:(08/01/2016, 09/02/2016). ആയത് പരമാവധി ഒഴിവാക്കേണ്ടതാണ്.

## 2. TR-5 രസീത് ബുക്ക്.

കോവളം സർക്കാർ അതിഥി മന്ദിരത്തിൽ ഇപ്പോഴും പഴയ രീതിയിലുള്ള TR-5 രസീത് ബുക്കാണ് ഉപയോഗിക്കുന്നത്. 09/05/2013 ലെ G..O.(P) No.213/2013/Fin ഉത്തരവ് പ്രകാരം പ്രാബല്യത്തിൽ വന്നിട്ടുള്ള കേന്ദ്രീകൃത നമ്പർ വ്യവസ്ഥയിലുള്ള TR-5 രസീത് പരിപാലിക്കുവാൻ ഓഡിറ്റ് നിർദ്ദേശം ഉണ്ടായിരുന്നിട്ടും ആയത് പരിപാലിക്കാത്തതിൽ മാനേജരിൽ നിന്നും വിശദീകരണം വാങ്ങി ലഭ്യമാക്കേണ്ടതാണ്.

## 3. ക്യാഷ് ബിൽ/ക്യാഷ് മെമ്മോ

ക്യാഷ് ബില്ലും ക്യാഷ് മെമ്മോയും പരിശോധിച്ചതിൽ നിന്നും വിനോദ സഞ്ചാര വകുപ്പിന്റെ ആഭ്യന്തര പരിശോധനാ വിഭാഗത്തിന്റെ ഓഡിറ്റ് ഒബ്ജക്ഷനുകൾ ശരിയാണെന്ന് ബോദ്ധ്യപ്പെട്ടു (Para XXVI (a)). ക്യാഷ് ബിൽ പ്രകാരവും ക്യാഷ് മെമ്മോ പ്രകാരവും സർക്കാരിലേക്ക് അടവാകേണ്ടതായ തുക 49,694/- രൂപ ബന്ധപ്പെട്ട് മാനേജർമാരിൽ നിന്നും ഈടാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 4. ടെലിഫോൺ ചാർജ്ജ്

ആഭ്യന്തര പരിശോധനാ റിപ്പോർട്ട് ഖണ്ഡിക XXVII പ്രകാരം ടെലിഫോൺ ബില്ലിൽ ലേറ്റ് ഫീ ഇനത്തിൽ ഒടുക്കിയ 576.55/- രൂപ ബന്ധപ്പെട്ട മാനേജർമാരിൽ നിന്നും ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്. ഓഡിറ്റ് തടസ്സവാദം ഇപ്പോഴും നിലനില്ക്കുന്നു.



Section Officer

## 5. കുടിവെള്ളം

കോവളം സർക്കാർ അതിഥി മന്ദിരത്തിൽ 2010 മുതൽ വാട്ടർ അതോറിറ്റിയുടെ കുടിവെള്ള വിതരണം തടസ്സപ്പെട്ടിട്ടുണ്ട്. ടൂറിസം ഡയറക്ടറുടെ 03/10/2012 ലെ എച്ച്. എ 1- 5471/2012 (Annexure I) ലെ കത്ത് പ്രകാരം പ്രതിദിനം 4000 ലിറ്റർ ശുദ്ധജലം പുറത്ത് നിന്ന് വാങ്ങുന്നതിനുപരിയായി അടിയന്തിര സാഹചര്യങ്ങളിൽ പ്രതിദിനം 12,000 ലിറ്റർ വരെ ശുദ്ധജലം നിലവിലെ സർക്കാർ നിയമമനുസരിച്ച് പുറത്ത് നിന്ന് വാങ്ങുന്നതിന് അനുമതി നൽകിയിരുന്നു. കൂടാതെ ഗസ്റ്റ്ഹൗസിലെ ശുദ്ധജലത്തിന്റെ ദുരുപയോഗം പരിമിതപ്പെടുത്തണമെന്നും ബോർവെല്ലിൽ നിന്നുള്ള വെള്ളവും കേരളാ വാട്ടർ അതോറിറ്റിയിൽ നിന്നുള്ള ശുദ്ധജലവും ലഭിക്കുന്നതിനുള്ള അനുമതി ലഭിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. എന്നാൽ 31/12/2019-ലാണ് വാട്ടർ അതോറിറ്റിയുടെ കണക്ഷൻ പുന:സ്ഥാപിച്ചത്. വാട്ടർ അതോറിറ്റിയുടെ കണക്ഷൻ പുന:സ്ഥാപിക്കുന്നതിന് ഏകദേശം 9 വർഷത്തോളം കാലതാമസം വന്നിട്ടുണ്ട്.

2010-ൽ ഏകദേശം രണ്ട് കോടി രൂപ കുടിശ്ശിക വരുത്തിയതിനാലാണ് വാട്ടർ അതോറിറ്റി കുടിവെള്ള കണക്ഷൻ വിഛേദിച്ചത്. കുടിശ്ശിക വരുത്തിയതിന് ഉത്തരവാദികളായ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും വിശദീകരണം ആവശ്യപ്പെടുകയും വിശദീകരണം തൃപ്തികരമല്ലായെങ്കിൽ ഉചിതമായ വകുപ്പുതല നടപടി സ്വീകരിച്ച് സർക്കാരിൽ വിവരം ലഭ്യമാക്കേണ്ടതാണ്. 2010-ൽ കുടിവെള്ള കണക്ഷൻ വിഛേദിച്ചതിനുശേഷം ഏകദേശം 9 വർഷം കഴിഞ്ഞ് 31.12.2019-ലാണ് കണക്ഷൻ പുന:സ്ഥാപിച്ചത്. ഈ 9 വർഷവും സ്വകാര്യ വ്യക്തികളിൽ നിന്നുമാണ് കുടിവെള്ളം വാങ്ങിയിരുന്നത്. കേരളാ വാട്ടർ അതോറിറ്റിയുടെ നിരക്കും സ്വകാര്യ വ്യക്തി ഈടാക്കുന്ന നിരക്കും തമ്മിലുള്ള 2010 മുതലുള്ള വ്യത്യാസം കണക്കാക്കിയാൽ മാത്രം ഏകദേശം 30 ലക്ഷം രൂപയുടെ അധിക ചെലവ് കണക്കാക്കാവുന്നതാണെന്ന് വകുപ്പുതല ആഭ്യന്തര പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. ടൂറിസം ഡയറക്ടറുടെ 03/10/2012-ലെ എച്ച്.എ 1-5471/2012 നമ്പർ കത്ത് പ്രകാരം പ്രതിദിന ഉപയോഗത്തിന് അനുവദനീയമായ 4000 ലിറ്റർ ശുദ്ധജലത്തിന് പുറമേ ടി കാലയളവിലെ ചുവടെ പട്ടികയിൽ കാണിച്ചിരിക്കുന്ന ഭൂരിഭാഗം മാസങ്ങളിലും കൂടുതലായി കുടിവെള്ളം വാങ്ങിയതായി കാണുന്നു. ഈ അധികമായി വാങ്ങിയ കുടിവെള്ളത്തിന് കേരളാ വാട്ടർ അതോറിറ്റി കാലാകാലങ്ങളിൽ നിശ്ചയിച്ച നിരക്കിനനുസരിച്ചുള്ള തുക ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്. റിപ്പോർട്ട് കാലയളവിൽ പുറത്തുനിന്നും കുടിവെള്ളം വാങ്ങിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.



Section Officer

## 2016 മുതൽ 2019 വരെയുള്ള ഉപഭോഗത്തിന്റെ വിശദാംശങ്ങൾ

| തീയതി | പ്രതിമാസ ഉപഭോഗം | പ്രതിദിന ഉപഭോഗം | പ്രതിദിന 4000 ലിറ്ററിൽ കൂടുതലുള്ള ഉപഭോഗം |
|---|---|---|---|
| 01/2016 | 76,000 ലിറ്റർ | 2,451 ലിറ്റർ | 0 |
| 02/2016 | 2,76,000 ലിറ്റർ | 9,857 ലിറ്റർ | 5,897 ലിറ്റർ |
| 03/2016 | 2,12,000 ലിറ്റർ | 6838 ലിറ്റർ | 2,838 ലിറ്റർ |
| 04/2016 | 2,15,000 ലിറ്റർ | 7166 ലിറ്റർ | 3,166 ലിറ്റർ |
| 05/2016 | 2,,53,500 ലിറ്റർ | 8,177 ലിറ്റർ | 4177 ലിറ്റർ |
| 06/2016 | 2,14,500 ലിറ്റർ | 7150 ലിറ്റർ | 3150 ലിറ്റർ |
| 07/2016 | 1 86000 ലിറ്റർ | 6000 ലിറ്റർ | 2000 ലിറ്റർ |
| 08/2016 | 205000 ലിറ്റർ | 6112 ലിറ്റർ | 2112 ലിറ്റർ |
| 09/2016 | 2,15,000 ലിറ്റർ | 6935 ലിറ്റർ | 935 ലിറ്റർ |
| 10/2016 | 231500 ലിറ്റർ | 7467 ലിറ്റർ | 3467 ലിറ്റർ |
| 11/2016 | 186500 ലിറ്റർ | 6016 ലിറ്റർ | 2016 ലിറ്റർ |
| 12/2016 | 2,01,000 ലിറ്റർ | 6483 ലിറ്റർ | 2483 ലിറ്റർ |
| 01/2017 | 2,49,500 ലിറ്റർ | 8048 ലിറ്റർ | 4048 ലിറ്റർ |
| 02/2017 | 1,95,000 ലിറ്റർ | 6964 ലിറ്റർ | 2964 ലിറ്റർ |
| 03/2017 | 2,15,000 ലിറ്റർ | 6935 ലിറ്റർ | 2935 ലിറ്റർ |
| 04/2017 | 2,53,000 ലിറ്റർ | 8433 ലിറ്റർ | 4433 ലിറ്റർ |
| 05/2017 | 2,13,000 ലിറ്റർ | 6870 ലിറ്റർ | 2870 ലിറ്റർ |
| 06/2017 | 1,69,000 ലിറ്റർ | 5633 ലിറ്റർ | 1633 ലിറ്റർ |
| 07/2017 | 87,000 ലിറ്റർ | 2806 ലിറ്റർ | 0 |
| 08/2017 | 1,42,000 ലിറ്റർ | 4580 ലിറ്റർ | 580 ലിറ്റർ |
| 09/2017 | 1,87,000 ലിറ്റർ | 6233 ലിറ്റർ | 2233 ലിറ്റർ |
| 10/2017 | 1,69,000 ലിറ്റർ | 5451 ലിറ്റർ | 1451 ലിറ്റർ |
| 11/2017 | 208000 ലിറ്റർ | 6709 ലിറ്റർ | 2709 ലിറ്റർ |
| 12/2017 | 207000 ലിറ്റർ | 6677 ലിറ്റർ | 2977 ലിറ്റർ |
| 01/2018 | 2,48,000 ലിറ്റർ | 8000 ലിറ്റർ | 4000 ലിറ്റർ |
| 02/2018 | 1,60,000 ലിറ്റർ | 5714 ലിറ്റർ | 1714 ലിറ്റർ |
| 03/2018 | 1,10,000 ലിറ്റർ | 3548 ലിറ്റർ | 0 |



Section Officer

| | | | |
|---|---|---|---|
| 04/2018 | 80,000 ലിറ്റർ | 2666 ലിറ്റർ | 0 |
| 05/2018 | 60,000 ലിറ്റർ | 1935 ലിറ്റർ | 0 |
| 06/2018 | 30,000 ലിറ്റർ | 1000 ലിറ്റർ | 0 |
| 07/2018 | 30,000 ലിറ്റർ | 967 ലിറ്റർ | 0 |
| 08/2018 | 50,000 ലിറ്റർ | 1612 ലിറ്റർ | 0 |
| 09/2018 | 50,000 ലിറ്റർ | 1666 ലിറ്റർ | 0 |
| 10/2018 | 40,000 ലിറ്റർ | 1290 ലിറ്റർ | 0 |
| 11/2018 | 30,000 ലിറ്റർ | 1000 ലിറ്റർ | 0 |
| 12/2018 | 40,000 ലിറ്റർ | 1290 ലിറ്റർ | 0 |
| 01/2019 | 60,000 ലിറ്റർ | 1935 ലിറ്റർ | 0 |
| 02/2019 | 60,000 ലിറ്റർ | 2142 ലിറ്റർ | 0 |
| 03/2019 | 60,000 ലിറ്റർ | 1935 ലിറ്റർ | 0 |
| 04/2019 | 65,000 ലിറ്റർ | 2166 ലിറ്റർ | 0 |
| 05/2019 | 65,000 ലിറ്റർ | 2096 ലിറ്റർ | 0 |
| 06/2019 | 10,5000 ലിറ്റർ | 3500 ലിറ്റർ | 0 |
| 07/2019 | 1,25,000 ലിറ്റർ | 4032 ലിറ്റർ | 32 ലിറ്റർ |
| 08/2019 | 1,20,000 ലിറ്റർ | 3870 ലിറ്റർ | 0 |
| 09/2019 | 1,85,000 ലിറ്റർ | 6166 ലിറ്റർ | 2166 ലിറ്റർ |
| 10/2019 | 1,75,000 ലിറ്റർ | 5645 ലിറ്റർ | 1645 ലിറ്റർ |
| 11/2019 | 1,60,000 ലിറ്റർ | 5161 ലിറ്റർ | 1161 ലിറ്റർ |
| 12/2019 | 2,25,000 ലിറ്റർ | 7258 ലിറ്റർ | 3258 ലിറ്റർ |

നിലവിൽ കോവളം ഗസ്റ്റ് ഹൗസിലെ കിണർ വൃത്തിയാക്കി ഉപയോഗിക്കുന്നുണ്ട്.

## 6. അലക്ക് പ്രവർത്തി

ഗസ്റ്റ് ഹൗസ് മുറി ബുക്കിംഗ് അനുസരിച്ച് ഓരോ റൂമിലും ഉപയോഗിക്കുന്ന ക്ലോത്ത് ഇനങ്ങളുടെ സ്റ്റേറ്റ്മെന്റ് തയ്യാറാക്കാതെ അലക്കുകൂലി ഇനത്തിൽ അധികമായി തുക അനുവദിച്ച് നൽകിയതിന് മാനേജരിൽ നിന്നും വിശദീകരണം അവശ്യപ്പെടാവുന്നതാണ്. തൃപ്തികരമല്ലെങ്കിൽ ടി തുക മാനേജരുടെ ബാദ്ധ്യതയായി കണക്കാക്കി തിരികെ ഈടാക്കേണ്ടതാണ്.

Section officer

## 7. സാമ്പത്തിക വിനിയോഗ അധികാരമില്ലാതെ തുക ചെലവാക്കൽ

19/04/2016 ൽ വിനോദസഞ്ചാരവകുപ്പ് ഡയറക്ടർ പുറപ്പെടുവിച്ച H.B.4 & H.B 3/2396/2016 ഓഡർ (Annexure 2) പ്രകാരം മാനേജർമാർക്ക് വിനിയോഗിക്കാൻ അനുവദിച്ച് നൽകിയിട്ടുള്ള തുകയേക്കാൾ കൂടുതൽ വിനിയോഗിച്ചിട്ടുള്ള തുക സംബന്ധിച്ച് വകുപ്പ് മേധാവിയിൽ നിന്നും സാധൂകരണം വാങ്ങേണ്ടതാണ്.

## 8. ജനറേറ്റർ

കോവളം സർക്കാർ അതിഥി മന്ദിരത്തിലെ നിലവിലുള്ള ജനറേറ്റർ വളരെ കാലപ്പഴക്കം ചെന്നതാണ്. ആയതിനാൽ പൊതുമരാമത്ത് വകുപ്പ് പുതിയ ജനറേറ്റർ എത്തിച്ചിട്ടുണ്ട്. ടി ജനറേറ്റർ അടിയന്തിരമായി പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ആയതിന്റെ ഇന്ധനക്ഷമതാ സർട്ടിഫിക്കറ്റ് ഓരോ വർഷവും വാങ്ങി കാലികമാക്കേണ്ടതുമാണ്.

## 9. ഫലവൃക്ഷങ്ങളുടെ ആദായം സംബന്ധിച്ച്

കോവളം സർക്കാർ അതിഥി മന്ദിരം ഏകദേശം 5 ഏക്കർ സ്ഥലത്താണ് സ്ഥിതി ചെയ്യുന്നത്. ഈ കോമ്പൗണ്ടിൽ നിലവിൽ 50 തെങ്ങുകളും 2 മാവും 5 പ്ലാവുകളും ഉണ്ട്. 50 ഓളം തെങ്ങുകളിൽ 30 ഓളം തെങ്ങുകൾക്ക് മാത്രമേ ആദായമുള്ളതായി കാണുന്നുള്ളൂ. അതിലേറെയും അപകടകരമായ രീതിയിൽ കടലിലേയ്ക്ക് ചരിഞ്ഞ് നിൽക്കുകയോ, ചുവട് ദ്രവിക്കുകയോ ചെയ്യുതിനാൽ ആരും കയറാൻ തയ്യാറാകാത്ത സാഹചര്യമാണുള്ളത്. ആയതിനാൽ ടി തെങ്ങുകൾ ലേലം ചെയ്താൽ ആരും ലേലം കൊള്ളാൻ തയ്യാറാകാത്ത സാഹചര്യമാണുള്ളത് എന്നാണ് മാനേജർ റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

## 10. കെട്ടിട നികുതി-ഡിമാന്റ് നോട്ടീസുകൾ യഥാസമയം ലഭ്യമാക്കുന്നത് സംബന്ധിച്ച്- File No. GHK-74/2001)

കോവളം സർക്കാർ അതിഥി മന്ദിരം പ്രവർത്തനം ആരംഭിച്ച കാലം മുതൽ അതിഥി മന്ദിരം ഉൾപ്പെടുന്ന പ്രദേശം നെയ്യാറ്റിൻകര താലൂക്കിൽ ഉൾപ്പെട്ട വിഴിഞ്ഞം പഞ്ചായത്തിന്റെ കീഴിലായിരുന്നു. 2013-2014 മുതൽ പ്രദേശം തിരുവനന്തപുരം നഗരസഭയുടെ കീഴിലാവുകയും, അതിഥി മന്ദിരത്തിന്റെ കെട്ടിടനികുതി പുനർ നിർണ്ണയിക്കുന്നതിന്റെ ഭാഗമായി ചുവടെ പറയുന്ന ഡിമാന്റ് നോട്ടീസുകൾ നൽകുകയുണ്ടായി.



Section Officer

| വർഷം | ഡിമാന്റ് നോട്ടീസ് | വാർഡ് നം./ കെട്ടിട നമ്പർ | തുക |
|---|---|---|---|
| 2013-14 മുതൽ 2017- 2018 | 01/12/2018 | 63/454 | 8,755/- |
| | 20/04/2018 | 63/455 | 3,88,125/- |
| | 01/12/2018 | 63/456 | 1,81,875/- |
| | 17/01/2018 | 63/457 | 31,050/- |
| | 20/04/2018 | 63/458 | 46,115/- |
| | 20/04/2018 | 63/459 | 18,410/- |
| | 01/10/2018 | 63/460 | 4,140/- |
| | ആകെ | | **6,78,460/-** |

ടി തുക 14/01/2019 ലെ GHK-74/2001 ഉത്തരവ് പ്രകാരം 19/01/2019 ൽ തിരുവനന്തപുരം നഗരസഭയിൽ അടയ്ക്കുകയുണ്ടായി.

കെട്ടിട നികുതി പരിഷ്കരണ നടപടികളുടെ ഭാഗമായാണ് 01/04/2013 മുതൽ മുൻകാല പ്രാബല്യത്തിൽ നികുതി പരിഷ്കരിച്ചത്. തുടർന്ന് 06/03/19 ലെ G.O (P) No.540/2019/L.SG എന്ന ഉത്തരവ് പ്രകാരം 01/04/2016 മുതലാണ് കെട്ടിട നികുതി പരിഷ്കരിച്ചു കൊണ്ട് വീണ്ടും ഉത്തരവ് ഇറങ്ങിയത്. ഇതനുസരിച്ച് തിരുവനന്തപുരം നഗരസഭയുടെ 10/01/2020 ലെ VZA3/5258/LSG നമ്പർ അറിയിപ്പ് പ്രകാരം 2016-2017 സാമ്പത്തിക വർഷം മുതൽ ഗസ്റ്റ് ഹൗസിലെ റ്റി.സി. 63/454 മുതൽ 63/460 വരെയുള്ള കെട്ടിടങ്ങൾക്ക് 1,35,692/- രൂപ മൊത്തം ഒരു വർഷത്തേയ്ക്ക് പുന:ക്രമീകരിച്ചു കൊണ്ട് അറിയിപ്പ് നൽകുകയുണ്ടായി. 2013-2014 മുതൽ 2015-2016 വരെയുള്ള കാലയളവിലേയ്ക്ക് അധികമായി അടച്ച 3,86,571/- രൂപയിൽ നിന്നും 2018-2019, 2019-2020 വർഷത്തിൽ ഒടുക്കാനുള്ള കെട്ടിട നികുതിയിൽ വരവ് വച്ചും, ബാക്കി വരുന്ന 1,15,187/- രൂപ 2020-2021 സാമ്പത്തിക വർഷത്തിൽ കെട്ടിട നികുതിയിൽ കുറവ് ചെയ്ത് ഒടുക്കാവുന്നതാണെന്നും നഗരസഭ മേൽ പരാമർശിച്ച കത്ത് മുഖേന അറിയിക്കുകയുണ്ടായി. കെട്ടിട നികുതി അടയ്ക്കുവാനുള്ള നഗര സഭയുടെ ഡിമാന്റ് നോട്ടീസുകൾ യഥാസമയം നൽകുന്നില്ല എന്ന് ഓഡിറ്റിൽ ബോദ്ധ്യപ്പെട്ടു. 2018-2019 & 2019-2020 ലെ നോട്ടീസുകൾ ഒരുമിച്ച് 28/09/2019 ലാണ് നൽകിയിരിക്കുന്നത്. അതുപോലെ 2020-2021 വർഷത്തേയും 2021 -2022 വർഷത്തെ നോട്ടീസുകൾ ഓഡിറ്റ് പരിശോധനാ വേളയിലും ലഭിച്ചിട്ടില്ല. ഡിമാന്റ് നോട്ടീസുകൾ യഥാസമയം നൽകാത്തതു മൂലം പിഴ അടയ്ക്കേണ്ടി വരുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്. ടി വിഷയം വകുപ്പിലെ



Section Officer

ജോയിന്റ് ഡയറക്ടറിൽ കുറയാത്ത ഉദ്യോഗസ്ഥൻ തിരുവനന്തപുരം നഗരസഭ അധികൃതരുടെ ശ്രദ്ധയിൽ കൊണ്ട് വരികയും പരിഹരിക്കേണ്ടതുമാണ്.

## 11. രജിസ്റ്ററുകൾ

### 1. ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ

ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ നിശ്ചിത പ്രഫോർമയിൽ 23/02/2020 മുതൽ പരിപാലിച്ച് വരുന്നുണ്ട്. (As per KFC Fprm No-4 See Chapterl III, Article 63(a) of KFC Vol – I ).

### 2. കംപ്യൂട്ടർ ഹാർഡ് വെയറുകളുടെയും സോഫ്റ്റ്വെയറുകളുടെയും രജിസ്റ്റർ

നിലവിൽ പരിപാലിക്കുന്നില്ല. ആയത് പരിപാലിച്ച് കാലികമാക്കേണ്ടതാണ്.

### 3. അഡ്വാൻസ് രജിസ്റ്റർ

നിലവിൽ പരിപാലിച്ചിട്ടില്ല

### 4. വാല്യുബിൾ രജിസ്റ്റർ

ഇൻഡക്സ് തയ്യാറാക്കി പേജ് നമ്പറിട്ട് ഓരോ വിലപിടിപ്പുള്ള വസ്തുക്കളുടെ വിശദാംശങ്ങൾ പ്രത്യേകം തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

### 5. ഫർണ്ണിച്ചർ രജിസ്റ്റർ

ഒരു രജിസ്റ്ററിലാണ് എല്ലാ സാധനങ്ങളുടേയും കണക്ക് സൂക്ഷിക്കുന്നത്. ഫർണ്ണിച്ചറിന് മാത്രമായി ഒരു രജിസ്റ്റർ ആരംഭിച്ച് ഫർണ്ണിച്ചറുകളുടെ കണക്ക് കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

## 12. അറ്റൻഡൻസ് രജിസ്റ്റർ (2020 & 2021)

ടൂറിസം ഡയറക്ടറുടെ 04/08/2020 ലെ E5/6691/2020 ഉത്തരവ് പ്രകാരം സ്ഥലം മാറ്റത്തിലൂടെ ഹോസ്പിറ്റാലിറ്റി അസിസ്റ്റന്റ് തസ്തികയിൽ 12/08/2020 മുതൽ ജോലി ചെയ്തുവന്ന ശ്രീ. വിമൽറോയ് 2021 ജനുവരി ഒന്നു മുതൽ അനധികൃതമായി ജോലിയിൽ ഹാജരാകുന്നില്ലായെന്ന് പരിശോധനയിൽ ബോദ്ധ്യപ്പെട്ടു. 10/12/2020 ലെ അവധി അപേക്ഷ പ്രകാരം, ടിയാൻ 01/01/2021 മുതൽ 5 വർഷത്തേയ്ക്ക് (LWA for taking up Employment within country as per Appendix XII-A, Part I KSR) അവധി അപേക്ഷ സമർപ്പിച്ചതായി കാണുന്നു. ടി അപേക്ഷ ഗസ്റ്റ ഹൗസ് മാനേജർ ശുപാർശ ചെയ്ത്



Section Officer

ഡയറക്ടറേറ്റിലേയ്ക്ക് അയച്ചിട്ടുണ്ട്. എന്നാൽ അവധി അപേക്ഷയിൽ അനുകൂല തീരുമാനമാകാതെ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാത്ത കോവളം ഗസ്റ്റ്ഹൗസിലെ ഹോസ്പിറ്റാലിറ്റി അസിസ്റ്റന്റായ ശ്രീ. വിമൽറോയിക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ച് ധനകാര്യ ആഭ്യന്തര പരിശോധനാ വിഭാഗത്തെ അറിയിക്കേണ്ടതാണ്.

**13.ഓഡിറ്റ് ഫയൽ**

ഓഡിറ്റ് ഫയൽ പരിശോധിച്ചതിൽ നിന്നും ഗവൺമെന്റ് ഗസ്റ്റ് ഹൗസ് കോവളത്തിൽ എ.ജിയുടെ ഓഡിറ്റ് സംബന്ധിച്ചുള്ള വിവരങ്ങൾ, വകുപ്പിന്റെ ആഭ്യന്തര പരിശോധനാ വിഭാഗം നടത്തിയ ആഡിറ്റ്, വകുപ്പിന്റെ തന്നെ മേഖലാ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നുള്ള പരിശോധന, ധനകാര്യ പരിശോധനാ വിഭാഗം നടത്തിയ ഇൻസ്പെക്ഷൻ, ധനകാര്യ ആഭ്യന്തര പരിശോധനാ വിഭാഗം നടത്തിയ ആഡിറ്റ് എന്നിവ ഒരൊറ്റ ഫയലിലാണ് കൈകാര്യം ചെയ്തു വരുന്നത്. അതുകൊണ്ട് തന്നെ റിവ്യൂ ഓഡിറ്റ് സമയത്ത് മുൻവട്ട പരിശോധനകളുടെ വിശദാംശങ്ങൾ ടി ഫയലിൽ നിന്നും ലഭിക്കാൻ ബുദ്ധിമുട്ടുണ്ട്. അതുപോലെ തന്നെ വിവിധ ഓഡിറ്റ് തടസ്സവാദങ്ങൾ തീർപ്പാക്കാനും വിവിധ സ്ഥാപനങ്ങൾ / വകുപ്പുകൾ നടത്തുന്ന ആഡിറ്റ്/പരിശോധനകൾ വെവ്വേറെ ഫയലിൽ കൈകാര്യം ചെയ്യാൻ ശുപാർശ ചെയ്യുന്നു.

**ശുപാർശകൾ**

1. 2006 മുതലുള്ള ഉപയോഗയോഗ്യമല്ലാത്ത ഫർണ്ണിച്ചർ, മെത്തകൾ, ഫാൻ മറ്റ് സാധനങ്ങൾ മുതലായവ ലേലം ചെയ്യുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കണം.
2. ലേലം ചെയ്യാൻ കഴിയാത്ത സ്റ്റോക്കിലുള്ള ധാരാളം ഉപയോഗശൂന്യമായ വസ്തുക്കൾ പഴയ കെട്ടിടത്തിലെ മുറിയിൽ വാരിക്കൂട്ടി ഇട്ടിരിക്കുന്നു. നടപടിക്രമം പാലിച്ച് ഇവ മുറികളിൽ നിന്ന് മാറ്റുകയോ നശിപ്പിക്കുകയോ ചെയ്യണം.
3. പഴയ കെട്ടിടം അറ്റകുറ്റപണിചെയ്ത് അതിലെ 4 മുറികൾ ഉപയോഗയോഗ്യമാക്കുന്നതിനുള്ള നടപടികളെടുക്കണം

**ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിക്കുവേണ്ടി**

Section Officer

# ആറ്റിങ്ങൽ ഭാഗ്യക്കുറി സബ് ഓഫീസിൽ ധനകാര്യ (ആഭ്യന്തര പരിശോധന വിഭാഗം-ബി) വകുപ്പ് നടത്തിയ റിവ്യൂ ഓഡിറ്റ് റിപ്പോർട്ട്

ആറ്റിങ്ങൽ ഭാഗ്യക്കുറി സബ് ഓഫീസിൽ, ഭാഗ്യക്കുറി ആഭ്യന്തര പരിശോധനാ വിഭാഗം നടത്തിയ 2017-18 കാലയളവിലെ പരിശോധനാ റിപ്പോർട്ടിൽ ട്രഷറി സ്റ്റേറ്റ്മെന്റും LIMS സ്റ്റേറ്റ്മെന്റും തമ്മിൽ 60,21,835/- (അറുപത് ലക്ഷത്തി ഇരുപത്തൊന്നായിരത്തി എണ്ണൂറ്റി മുപ്പത്തഞ്ച് രൂപ മാത്രം) രൂപയുടെ വ്യത്യാസമുള്ളതായുള്ള പരാമർശത്തിന്റെ അടിസ്ഥാനത്തിൽ ധനകാര്യ ആഭ്യന്തര പരിശോധന വിഭാഗം 2021 ആഗസ്റ്റ് 12 ന് റിവ്യൂ ഓഡിറ്റ് നടത്തുകയുണ്ടായി.

ധനകാര്യ (ആഭ്യന്തര പരിശോധന) വകുപ്പ് ജോയിന്റ് സെക്രട്ടറി ശ്രീ.കെ.റ്റി.മഹേഷ് കുമാർ (PEN 100560) മേൽനോട്ടം നൽകിയ റിവ്യൂ ഓഡിറ്റിൽ ചുവടെ പറയുന്നവർ പങ്കെടുത്തു.

1. ശ്രീ.ഉബൈദുള്ള.എ.സി , അണ്ടർ സെക്രട്ടറി, PEN-101124
2. ശ്രീ. സുരേഷ്.എസ്, സെക്ഷൻ ഓഫീസർ, PEN- 100417
3. ശ്രീ. അജീഷ്.ജി, അസിസ്റ്റന്റ്, PEN- 501706
4. ശ്രീ. രാജീവൻ മാണിയത്ത്, അസിസ്റ്റന്റ്, PEN- 100690

പരിശോധനാ വേളയിൽ അസിസ്റ്റന്റ് ലോട്ടറി ഓഫീസർ ശ്രീ.അനിൽകുമാർ.ബി.എൽ സന്നിഹിതനായിരുന്നു.

## ക്യാഷ് ബുക്ക്

ക്യാഷ് ബുക്ക് പ്രകാരം പരിശോധനാ തീയതിയിലെ opening balance Rs.2420/- രൂപയാണെന്ന് കണ്ടെത്തുകയും ആയത് ക്യാഷ് ചെസ്റ്റ് പരിശോധിച്ച് ബോദ്ധ്യപ്പെടുകയും ചെയ്തു. ഇത് SLT ഇനത്തിൽ 11.08.2021-ന് ഓഫീസിൽ ലഭിച്ച തുകയാണ്.

11.08.2021-ലെ ക്യാഷ് ഇടപാടുകൾ പരിശോധിച്ചു. ആയതിന്റെ സംക്ഷിപ്തരൂപം താഴെപ്പറയുന്നു.

| Item | Amount |
|---|---|
| Sales | 1,48,140 |
| GST* | 12,82,103 |
| TCS | 5497 |
| SLT | 2,420 |
| TDS | 66 |

*Cash, Exchange, Credit/Bank, E-Treasury, by coupon, by agent portal എന്നിവയിലൂടെയെല്ലാമാണ് ടിക്കറ്റ് വില്പന (exchange of ticket) നടക്കുന്നത്. ഇവയുടെയെല്ലാം



Section Officer

GST തുക നേരിട്ട് ഭാഗ്യക്കുറി ഓഫീസിൽ അടയ്ക്കുന്നതിനാലാണ്, GST തുക വില്പനയെക്കാൾ അധികരിച്ച കാണിക്കുന്നത്.

## 11.08.2021 ലെ ട്രഷറി അടവ് വിവരങ്ങൾ

| Item | Amount |
|---|---|
| Sales | 1,48,140 |
| GST | 12,82,103 |
| TCS | 5497 |
| TDS | 66 |

ക്യാഷ് ബുക്ക് സൂക്ഷിക്കുന്നതിലും ക്യാഷ് കൈകാര്യം ചെയ്യുന്നതിലും അപാകതയൊന്നും കണ്ടെത്തിയിട്ടില്ല.

## ട്രഷറി സ്റ്റേറ്റ്മെന്റും LIMS സ്റ്റേറ്റ്മെന്റും തമ്മിലുള്ള വ്യത്യാസം

സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ 2017-18 കാലയളവിലെ ആഭ്യന്തര പരിശോധനാ റിപ്പോർട്ടിലെ ഭാഗം II(V) പ്രകാരം ട്രഷറി സ്റ്റേറ്റ്മെന്റും LIMS സ്റ്റേറ്റ്മെന്റും തമ്മിൽ 60,21,835/- (അറുപത് ലക്ഷത്തി ഇരുപത്തൊന്നായിരത്തി എണ്ണൂറ്റി മുപ്പത്തഞ്ച് രൂപ മാത്രം) രൂപയുടെ വ്യത്യാസം ഉള്ളതായി ഇനി പറയും പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

| | | |
|---|---|---|
| | 2017-18 കാലയളവിൽ ഏജന്റുമാർ ട്രഷറിയിലൊടുക്കിയ ആകെ തുക | 28,23,76,538 |
| | ലിംസിൽ വരവ് ചേർത്ത തുക | 28,23,76,538 |
| | വ്യത്യാസം | 0 |
| | എന്നാൽ സൂക്ഷ്മ പരിശോധനയിലെ വ്യത്യാസങ്ങൾ ചുവടെ ചേർക്കുന്നു | |
| (A) | 2017-18 കാലയളവിൽ 0075-00-103-99(വിൽപ്പന) ശീർഷകത്തിൽ ട്രഷറിയിൽ വരവ് വന്ന തുക | 35,10,48,677 |
| (B) | 0075-00-103-98(മിസലേനിയസ്) ശീർഷകത്തിൽ വരവ് വന്ന തുക | 7,82,866 |
| (C) | ട്രഷറി സ്റ്റേറ്റ്മെന്റ് പ്രകാരം ട്രഷറിയിൽ വരവ് വന്ന ആകെ തുക ( A+B) | 35,18,31,543 |
| (D) | വിറ്റ വരവ് ഇനത്തിൽ ഓഫീസിൽ സ്വീകരിച്ച തുക ട്രഷറിയിൽ ഒടുക്കിയത് (ലിംസ് സ്റ്റേറ്റ്മെന്റ് പ്രകാരം) | 7,54,76,840 |
| (E) | ബാലൻസ് ( C-D) | 27,63,54,703 |
| (F) | ലിംസിൽ വരവ് ചേർത്ത തുക ലിംസ് സ്റ്റേറ്റ്മെന്റ് പ്രകാരം | 28,23,76,538 |
| (G) | വ്യത്യാസം (E-F) | 60,21,835 |
| | **60,21,835/- രൂപയുടെ വ്യത്യാസം ഉള്ളതായി കാണുന്നു** | |

ഈ കാലയളവിലെ വരുമാനവും ട്രഷറി അടവാക്കലും സംബന്ധിച്ച രേഖകളും അനുബന്ധ വൗച്ചറുകളും പരിശോധനാവിധേയമാക്കി. ട്രഷറിയിൽ ഉദ്യോഗസ്ഥർ ചലാനുകൾ പോസ്റ്റ് ചെയ്യുന്ന സമയത്ത് ശീർഷകത്തിന് നേരെ 'ആറ്റിങ്ങൽ ഭാഗ്യക്കുറി സബ് ഓഫീസ്' എന്നതിന് പകരം മറ്റ് ഓഫീസുകളുടെ പേര് തെറ്റായി രേഖപ്പെടുത്തിയതിനാലാണ് LIMS ൽ പ്രതിഫലിച്ച തുകയിൽ വ്യത്യാസം വരുന്നതിലേയ്ക്ക് നയിക്കുകയായിരുന്നുവെന്നാണ് ഇക്കാര്യത്തിൽ അസിസ്റ്റന്റ് ലോട്ടറി ഓഫീസർ മറുപടി നൽകിയത്. ഇത്തരത്തിൽ തെറ്റായി രേഖപ്പെടുത്തപ്പെട്ട ചലാനുകൾ പരിശോധനയ്ക്ക് ലഭ്യമാക്കി. ആയതിന്റെ വിശദാംശങ്ങൾ ഇനി പറയും പ്രകാരമാണ്.

| ക്രമ നം. | തീയതി | ചെലാൻ നമ്പർ | അടവ് വരുത്തിയപ്പോൾ തെറ്റായി രേഖപ്പെടുത്തിയ ഓഫീസിന്റെ പേര് ( ശീർഷകം) | തുക |
|---|---|---|---|---|
| 1 | 04/04/17 | KL000090306201718M | Directorate of State Lotteries, Vikasbhavan 0075-00-103-99-00 | 34, 525 |
| 2 | 05/04/17 | KL000126808201718M | Directorate of State Lotteries, Vikasbhavan 0075-00-103-99-00 | 1, 44, 900 |
| 3 | 07/04/17 | KL000174506201718M | Directorate of State Lotteries, Vikasbhavan 0075-00-103-99-00 | 5, 400 |
| 4 | 11/04/17 | KL000260857201718M | Directorate of State Lotteries, Vikasbhavan 0075-00-103-99-00 | 58, 330 |
| 5 | 19/04/17 | KL000583095201718M | Directorate of State Lotteries, Vikasbhavan 0075-00-103-99-00 | 13, 24, 410 |
| 6 | 24/04/17 | KL000742529201718M | Directorate of State Lotteries, Vikasbhavan 0075-00-103-99-00 | 1, 76, 420 |
| 7 | 16/05/17 | KL001909865201718M | Directorate of State Lotteries, Vikasbhavan 0075-00-103-99-00 | 4, 66, 265 |
| 8 | 30/06/17 | KL003587917201718M | Directorate of State Lotteries, Vikasbhavan 0075-00-103-99-00 | 54, 640 |



Section Officer

| | | | | |
|---|---|---|---|---|
| 9 | 20/09/17 | KL006061988201718M | Directorate of State Lotteries, Vikasbhavan 0075-00-103-99-00 | 3, 46, 623 |
| 10 | 10/04/17 | KL000212234201718M | District Lottery Office, TVM 0075-00-103-99-00 | 5, 65, 705 |
| 11 | 12/04/17 | KL000301064201718M | District Lottery Office, TVM 0075-00-103-99-00 | 4, 47, 675 |
| 12 | 15/04/17 | KL000368691201718M | District Lottery Office, TVM 0075-00-103-99-00 | 2, 05, 450 |
| 13 | 17/04/17 | KL000391838201718M | District Lottery Office, TVM 0075-00-103-99-00 | 20, 833 |
| 14 | 04/04/17 | KL000067805201718M | District Lottery Office, TVM 0075-00-103-99-00 | 2, 40, 700 |
| 15 | 18/04/17 | KL000496208201718M | District Lottery Office, TVM 0075-00-103-99-00 | 3, 47, 277 |
| 16 | 20/04/17 | KL000616928201718M | District Lottery Office, TVM 0075-00-103-99-00 | 2, 40, 185 |
| 17 | 25/04/17 | KL000791124201718M | District Lottery Office, TVM 0075-00-103-99-00 | 7, 62, 750 |
| 18 | 15/05/17 | KL001845560201718M | District Lottery Office, TVM 0075-00-103-99-00 | 3, 11, 505 |
| 19 | 03/08/17 | KL004771189201718M | District Lottery Office, TVM 0075-00-103-99-00 | 13, 188 |
| 20 | 07/09/17 | KL005690294201718M | DYSP, Attingal 0055-00-103-99-00 Fines & Forfeitures | 1, 32, 254 |
| 21 | 20/07/17 | KL004220929201718M | Sub Treasury, Attingal 0075-00-103-99-00-00-00-N-V | 1, 22, 710 |
| Total | | | | 60,21,745 |

ക്രമ നമ്പർ 1 മുതൽ 9 വരെയുള്ള തുകകൾ സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറേറ്റിന്റെ പേരിലും, 10 മുതൽ 19 വരെയുള്ള തുകകൾ തിരുവനന്തപുരം ജില്ലാ ഭാഗ്യക്കുറി ഓഫീസിന്റെ പേരിലും, ക്രമ നമ്പർ 20 ആറ്റിങ്ങൽ DYSP ഓഫീസിന്റെ പേരിലും, ക്രമ നമ്പർ 21 ആറ്റിങ്ങൽ സബ്

ട്രഷറിയുടെ പേരിലും ആണ് തെറ്റായി വരവാക്കിയിട്ടുള്ളതായി കാണാവുന്നതാണ്. ഇതിൽ നിന്നും തുക അടവാക്കിയതിൽ വീഴ്ച സംഭവിച്ചിട്ടില്ലെന്നും ട്രഷറിയിലെ രേഖപ്പെടുത്തലിൽ സംഭവിച്ച തെറ്റ് മൂലമാണ് LIMS ൽ പ്രതിഫലിച്ച തുകയിൽ വ്യത്യാസം വന്നതെന്നുമാണ് കണ്ടെത്തിയത്.

പ്രസ്തുത ന്യൂനതകൾ പരിഹരിക്കുന്നതിന് തിരുവനന്തപുരം ജില്ലാ ട്രഷറി ഓഫീസർക്ക് കത്ത് നല്കിയതായും തിരുവനന്തപുരം അക്കൗണ്ടന്റ് ജനറൽ ഓഫീസിന്റെ അനുവാദം ലഭിക്കുവാൻ ആൾട്ടറേഷൻ പ്രൊപ്പോസൽ അയച്ചിട്ടുണ്ട് എന്നും ആൾട്ടറേഷൻ ഇന്റിമേഷൻ ലഭിയ്ക്കുന്ന മുറയ്ക്ക് അറിയിക്കുന്നതാണെന്നും, കൂടാതെ തിരുത്തൽ വരുത്താതെ പ്രസ്തുത ദിവസങ്ങളിലെ തുകകൾക്ക് Remittance Certificate നൽകുമ്പോൾ നിലവിലുള്ള രേഖകൾ ഉൾപ്പെടുത്തി മാത്രമേ സർട്ടിഫിക്കറ്റ് നൽകാൻ കഴിയൂ എന്നും ആറ്റിങ്ങൽ സബ് ട്രഷറി ഓഫീസർ അറിയിച്ചിട്ടുണ്ട്. അപാകത പരിഹരിച്ച് കിട്ടുന്നതിന് അടിയന്തിര തുടർ നടപടികൾ കൈക്കൊള്ളുവാൻ ഡയറക്ടറോട് ആവശ്യപ്പെടാവുന്നതാണ്.

ചെലാനുകളുടെ പരിശോധന പൂർത്തീകരിച്ചപ്പോൾ അവയുടെ ആകെ തുകയായി കണ്ടെത്തിയത് 60,21,745/- രൂപയാണ്. ഈ തുകയും ആഭ്യന്തര പരിശോധനയിൽ കണ്ടെത്തിയ തുകയായ 60,21,835/- രൂപയും തമ്മിൽ 90/- രൂപയുടെ വ്യത്യാസം കണ്ടെത്തി. 90/- രൂപയുടെ വ്യത്യാസം T3445 എന്ന ഏജന്റിന്റെ ചെലാൻ തുകയായ 2,33,780/- രൂപ എന്നത് 2,33,870/- എന്ന് തെറ്റായി LIMS-ൽ രേഖപ്പെടുത്തിയത് മൂലമുണ്ടായതാണെന്നും, ടി തുക ഏജന്റിനോട് ട്രഷറിയിൽ ഒടുക്കുന്നതിന് ആവശ്യമായ നിർദ്ദേശം നൽകിയിട്ടുള്ളതാണെന്നും അസിസ്റ്റന്റ് ഭാഗ്യക്കുറി ഓഫീസർ അറിയിച്ചിട്ടുണ്ട്.

## പൊതു അവലോകനം

ആറ്റിങ്ങൽ ഭാഗ്യക്കുറി സബ് ഓഫീസ്, ആറ്റിങ്ങൽ മിനി സിവിൽ സ്റ്റേഷന്റെ രണ്ടാം നിലയിലാണ് പ്രവർത്തിച്ച് വരുന്നത്. അംഗപരിമിതരായ ധാരാളം ആളുകൾ ഈ ഓഫീസിൽ നിത്യ സന്ദർശകരാണെന്ന് ധനകാര്യ (ഐ.എ.സി - ബി) വകുപ്പിന്റെ റിവ്യൂ ഓഡിറ്റ് നടന്ന സമയത്ത് മനസ്സിലാക്കാൻ കഴിഞ്ഞു. കൂടാതെ ഓഫീസ് പരിമിതമായ സ്ഥലത്താണ് പ്രവർത്തിക്കുന്നത്. കൂടാതെ വിൽക്കപ്പെടാത്ത ടിക്കറ്റുകൾ ഉൾപ്പെടെയുള്ള സാധനങ്ങൾ സമയബന്ധിതമായി മാറ്റപ്പെടാത്തത് ഓഫീസ് പ്രവർത്തനങ്ങൾ കൂടുതൽ ദുഷ്കരമാക്കുന്നു.

ധനകാര്യ വ്യയം സെക്രട്ടറിയ്ക്കുവേണ്ടി